പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഈ റോഡു് നന്നാക്കുന്നു ജോലി ആരംഭിച്ചതു് 1956-ലാണു്.

(ഡി) ഇതിനുവേണ്ട നടപടികളും എടുത്തുവരുന്നു.

ശ്രീ. ഈ. പി. ഗോപാലൻ : ഒന്നും രണ്ടും പഞ്ചവത്സരപദ്ധതിയിൽ ആരംഭിച്ചിട്ടുള്ള പ്രവൃത്തികളും പൂർത്തിയാക്കാതെ, പുതുതായി റോഡുകളും, ഡിസ്ട്രിക്റ്റു ഡെവലപ്പുമെന്റു് കൗൺസിലിന്റേയോ ഗവണ്മെന്റിന്റേയോ നിർദ്ദേശപ്രകാരം ആരംഭിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ ആ സമ്പ്രദായം ഒന്നു മാറ്റി ഈ ഒന്നും രണ്ടും പദ്ധതികളിൽ ഉൾപ്പെടുത്തുകയും കുറേ പ്രവൃത്തി നടത്തുകയും ചെയ്തിട്ടുള്ള റോഡുകളും പൂർത്തീകരിക്കുന്ന കാര്യത്തിൽ ഗവണ്മെൻ്റു് ശ്രദ്ധിക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെ പൂർത്തീകരിക്കണമെന്നുള്ളതാണു് ഗവണ്മെൻറിന്റെ ഉദ്ദേശം. അങ്ങനെയുള്ള റോഡുകളുണ്ടോ എന്നുള്ള കാര്യം ഗവണ്മെൻറു പരിശോധിച്ചുകൊണ്ടിരിക്കുകയാണു്. അങ്ങനെയുണ്ടെന്നു കണ്ടാൽ അതു പൂർത്തിയാക്കുന്നതിനു് ഗവണ്മെൻറു് മുൻഗണന കൊടുക്കുന്നതായിരിക്കും.

ശ്രീ. ഈ. പി. ഗോപാലൻ : എന്റെ ചോദ്യം, ഒന്നാം പദ്ധതിയിൽ വക്കു് കൊള്ളിക്കുക, രണ്ടാം പദ്ധതിയിൽ അതിനു കുറച്ചുമാത്രം വക കൊള്ളിക്കുക, ആ പ്രവൃത്തി മറ്റു പലതിന്റേയും പേരിൽ തുടർന്നു നടത്താതിരിക്കുക ഇങ്ങനെയുള്ള ഗൗരവതരമായ കാര്യങ്ങളും ചൂണ്ടിക്കാണിക്കുമ്പോൾ എന്തെങ്കിലും പറയുന്നതിനുവേണ്ടിയല്ല, നേരേമറിച്ചു് അതിന്റെ പ്രവൃത്തി മുന്നോട്ടു കൊണ്ടുപോകുന്നതിനു്, ജാഗ്രതയായ പ്രവർത്തനത്തിനു്, മുൻഗണനകൊടുക്കാൻ ഗവണ്മെൻറു തയ്യാറുണ്ടോ എന്നാണു്.

ശ്രീ. പി. പി. ഉമ്മർകോയ : അതുതന്നെയാണു് പറഞ്ഞതു്. അങ്ങനെ വല്ല പ്രത്യേക കേസുമുണ്ടെങ്കിൽ അതു ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ പരിശോധിക്കുന്നതാണു്.

ശ്രീ. എസ്. കുമാരൻ : 1959-ൽ പണി ആരംഭിച്ച മാരാരിക്കുളം—കണിച്ചുകുളങ്ങര റോഡിന്റെ പണി ഇതുവരെയായി പൂർത്തിയായിട്ടില്ലെന്നുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ബഹുമാനപ്പെട്ട പി. ഡബ്ലിയു. ഡി. മിനിസ്റ്റർ ആ സ്ഥലം സന്ദർശിച്ച അവസരത്തിൽ ഈ റോഡു് എത്രയുംവേഗം പൂർത്തിയാക്കണമെന്നു കാണിച്ചു് അവിടത്തെ നാട്ടുകാർ തന്നെ ഒരു മെമ്മോറാണ്ടം തന്നിട്ടുണ്ടു്. ഇതുവരെയായി ഇതിന്റെ പണി തുടർന്നു നടത്താതിരിക്കാൻ കാരണമെന്താണു് ?

ശ്രീ. പി. പി. ഉമ്മർകോയ : പ്രത്യേകമായി ചോദിച്ചാൽ അതേപ്പറ്റി പറയാം

ശ്രീമതി എ. നഫീസത്തുബീവി : ആലപ്പുഴയിലെ ഷൊർണ്ണൂർ കനാൽ റോഡിന്റെ പണി എത്രയും വേഗം പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : പ്രത്യേകമായി ചോദിച്ചാലെ മറുപടി പറയുവാൻ നിവൃത്തിയുള്ളൂ.

ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പാലങ്ങൾ

* 413. [20] ശ്രീ. പി. അബ്ദുൽ മജീദു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963-64-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന വലുതും ചെറുതുമായ പാലങ്ങൾ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ പാലക്കാട്ടുജില്ലയിൽ പണിയാൻ എത്ര പാലങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത് ;

(സി) ഇതിൽ എത്രയെണ്ണത്തിന്റെ പണി ആരംഭിച്ചു ; എത്രയെണ്ണത്തിന്റെ പണി ആരംഭിക്കാതെ കിടക്കുന്നു ;

(ഡി) പെരിന്തൽമണ്ണ താലൂക്കിൽ മങ്കട നിയോജകമണ്ഡലത്തിൽ പണിയാൻ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന പാലൂർ, കീരൻകുണ്ട് എന്നീ പാലങ്ങളുടെ പണി ആരംഭിക്കാതിരിക്കാൻ കാരണമെന്ത് ;

(ഇ) പ്രസ്തുത പാലങ്ങളുടെ പണി ഉടനടി ആരംഭിക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) 277 വലിയ പാലങ്ങളും 85 ചെറിയ പാലങ്ങളും.

(ബി) 29 എണ്ണം.

(സി) 16 എണ്ണത്തിന്റെ പണി ആരംഭിച്ചു. 13 എണ്ണത്തിന്റെ പണി ആരംഭിച്ചിട്ടില്ല.

(ഡി) പാലൂർ പാലത്തിന്റെ പണി തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. കീരൻകുണ്ട് പാലത്തിന്റെ പണി തുടങ്ങാൻ ധനദൗർല്ലഭ്യംമൂലം നിവ്വാഹമില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ഈ. പി. ഗോപാലൻ : പാലൂർ പാലത്തിന്റെ പണി തുടങ്ങിക്കഴിഞ്ഞു എന്നു പറഞ്ഞതിന്റെ അർത്ഥം എന്താണ് ? അവിടെ കഴിഞ്ഞ ഒന്നിൽ ചിലപ്പോൾ കൊല്ലമായിട്ട് യാതൊരു പ്രവൃത്തിയും നടക്കുന്നില്ലെന്നുള്ളതാണോ, അതോ പ്രവൃത്തി തുടർന്നു നടക്കുന്നുണ്ട് എന്നുള്ള അർത്ഥമാണോ മന്ത്രി കണക്കാക്കുന്നത് ? ഈ കഴിഞ്ഞ ഒന്നിൽ ചിലപ്പോൾ കൊല്ലമായി അവിടെ എന്തെങ്കിലും പ്രവൃത്തി നടക്കുന്നുണ്ടോ എന്നുള്ളതു് പരിശോധിച്ച് മറുപടി പറയുവാൻ മന്ത്രിക്കു സൗകര്യമുണ്ടാകുമോ ?

ശ്രീ. പി. പി. ഉമ്മർകോയ: പണി തുടങ്ങിക്കഴിഞ്ഞു എന്നു പറയുന്നതു് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുക്കുക, അതിന്റെ പ്രവൃത്തിക്കാവശ്യമായ പ്രാഥമിക നടപടികളും എടുക്കുക എന്നുള്ള അർത്ഥത്തിലാണ്. അവിടെ ഇതിനാവശ്യമായ നടപടികളും എടുത്തുകഴിഞ്ഞു. അവിടത്തെ പ്രവൃത്തി ഇപ്പോൾ ഏതു സ്റ്റേജിലിരിക്കുന്നു എന്നു് ഇപ്പോൾ പറയുക സാദ്ധ്യമല്ല.

ശ്രീ. ടി. കൃഷ്ണൻ : കൊല്ലം ഡിസ്ട്രിക്ടിലെ തേവള്ളി—കോട്ടയം കടവുപാലത്തിന്റെ പണിക്കു് ഈ സാമ്പത്തികവർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതുകൊണ്ടു് കൂട്ടുതൽ തുക വേണമെന്നു് കൊല്ലം ഡിസ്ട്രിക്ടു ഡവലപ്പുമെന്റു കൗൺസിൽ ഗവണ്മെന്റിലേക്കു് ശുപാർശ ചെയ്തിട്ടില്ലേ ? അതിനു് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെ ശുപാർശ ചെയ്തിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. പണി വേണ്ടപോലെ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു എന്നാണ് അറിയുന്നതു്. അതിന്റെ പ്രവർത്തനത്തിൽ യാതൊരു സ്തംഭനവും ഉണ്ടായിട്ടില്ല. സ്തംഭനമുണ്ടാകാതെ പണി മുന്നോട്ടു കൊണ്ടുപോകണമെന്നാണ് ഗവണ്മെന്റു ഉദ്ദേശിക്കുന്നതു്.

ഓറഞ്ചു തോട്ടങ്ങൾ.

* 414. [21] ശ്രീ. കെ. വി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനഗവണ്മെന്റിന്റെ ഉടമസ്ഥതയിൽ എത്ര ഓറഞ്ചു തോട്ടങ്ങൾ ഉണ്ട് ; എവിടെയെല്ലാം ; ആകെ എത്ര ഏക്കർ വിസ്തീർണ്ണമുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly